സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ

10 (*430) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇവർക്കായി പ്രത്യേക റെഗുലേറ്ററി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനായി സ.ഉ. (എംഎസ്.)37/2013/സാ.നീ.വ. തീയതി, 6-5-2013 പ്രകാരം "മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം-2013" അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നയത്തിൽ നിർദ്ദേശിച്ച പ്രകാരം വയോജനങ്ങൾക്കുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന് വിവിധ ഗവണ്മെന്റ് സെക്രട്ടറിമാരടങ്ങിയ കമ്മിറ്റിക്ക് സ.ഉ. (ആർറ്റി.)402/13/സാ.നീ.വ. തീയതി, 29-7-2013 പ്രകാരം രൂപം നൽകിയിട്ടുണ്ട്.

ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ, നഴ്സ്, കൗൺസിലർ എന്നിവരുടെ സേവനം കേരളാ സാമൂഹ്യ സുരക്ഷാ മിഷനിലൂടെ നൽകിവരുന്നു. സംസ്ഥാനത്തെ വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ വയോമിത്രം പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ പ്രതിമാസം രണ്ടുതവണ ഓരോ പ്രദേശത്തും സംഘടിപ്പിക്കുന്ന ക്ലിനിക്കിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് കെയർ, ഹെൽപ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നു. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ മുഴുവൻ ക്ഷേമസ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു മൊബൈൽ ക്ലിനിക്കിലൂടെ ആയുർവേദ ഡോക്ടർ, അലോപ്പതി

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ, നഴ്സ്, കൗൺസിലർ, യോഗ ഇൻസ്ട്രക്ടർ എന്നിവരുടെ സേവനവും സൗജന്യ മരുന്നുകളും നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു പ്രത്യേക റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. വി.ജെ.കെ. ബിരാനെ സ്പെഷ്യൽ ഓഫീസറായി സ.ഉ.(എംഎസ്.) 34/2015/സാ.നീ.വ. തീയതി, 21-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

നഗരസഭാ മാസ്റ്റർ പ്ലാൻ

11 (*431) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുവഴി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-09-ൽ "പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ഠൗൺ പ്ലാൻസ്" എന്ന സ്കീം ആവിഷ്കരിക്കുകയും ആയതിന്റെ ഘട്ടം 1-ന് സ.ഉ. (സാധാ) നമ്പർ 3982/2008/ത.സ്വ.ഭ.വ. തീയതി 13-11-2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സ.ഉ.(സാധാ) നമ്പർ 2767/2009/ത.സ്വ.ഭ.വ. തീയതി 24-10-2009 ഉത്തരവുപ്രകാരം മേൽ സ്കീമിന് ആവശ്യമായ വിശദമാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2012-13 -ൽ മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി സ.ഉ.(സാധാ) നമ്പർ 1376/2012/ത.സ്വ.ഭ.വ. തിയതി 17-5-2012., സ.ഉ.(സാധാ) 2664/2012/ത.സ്വ.ഭ.വ. തീയതി 24-9-2012 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു.

ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാംഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും

LIBRARY ARCHIVES Kerala Legislative Assembly